# 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ

## (സെലക്ട് കമ്മിറ്റി റിപ്പോർട്ട്)

സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ച 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ, കമ്മിറ്റി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള കമ്മിറ്റി റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ 2018 ജൂൺ 1-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2018 ഡിസംബർ 13-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നുതന്നെ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. സെലക്ട് കമ്മിറ്റിയുടെ പ്രഥമ യോഗം 2019 ജനുവരി 10-ാം തീയതി തിരുവനന്തപുരത്ത് ചേരുകയും ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് കാർഷിക വിദഗ്ദ്ധർ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ, രാഷ്ട്രീയ സംഘടനാ നേതാക്കൾ, കർഷകർ, വിവിധ കർഷക സംഘടനാ പ്രതിനിധികൾ എന്നിവരിൽ നിന്നും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുവാൻ ജില്ലാതലത്തിൽ യോഗങ്ങൾ ചേരുവാൻ തീരുമാനിക്കുകയും ചെയ്തു. കൂടാതെ തെളിവെടുപ്പിനുള്ള ചോദ്യാവലി അംഗീകരിക്കുകയും ചെയ്തു. തുടർന്ന് സെലക്ട് കമ്മിറ്റി 2019 ജനുവരി 17, 22 എന്നീ തീയതികളിൽ യഥാക്രമം തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിലും ജൂൺ 7-ന് പാലക്കാട് ജില്ലയിലും ജൂലൈ 19, 26 എന്നീ തീയതികളിൽ യഥാക്രമം ഇടുക്കി, വയനാട് എന്നീ ജില്ലകളിലും തെളിവെടുപ്പ് യോഗങ്ങൾ ചേർന്നു.

3. ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് മേൽപ്പറഞ്ഞ യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും 2019 ആഗസ്റ്റ് 20-ാം തീയതി കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. തുടർന്ന് 2019 ആഗസ്റ്റ് 28-ാം തീയതിയിലെ യോഗത്തിൽ കാർഷിക മേഖലയിലെ വിദഗ്ദ്ധരുമായി സമിതി ചർച്ച ചെയ്യുകയും ബില്ലിൽ ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

4. 2019 ഒക്ടോബർ 23-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

<u>സമിതി നിർദ്ദേശിച്ച ഭേദഗതികൾ ചുവടെ ചേർക്കുന്നു:</u>

<u>ദീർഘ ശീർഷകം</u>

1. "നൽകുന്നതിനായും" എന്ന വാക്കിനു ശേഷം "കാർഷിക വൃത്തിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായും "എന്നീ വാക്കുകൾ ചേർക്കുക.

## പീഠിക

2. "നൽകുന്നതിനായും" എന്ന വാക്കിനു ശേഷം "കാർഷിക വൃത്തിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായും "എന്നീ വാക്കുകൾ ചേർക്കുക.

3. തത്ത്വപ്രഖ്യാപന വാക്യത്തിൽ "അറുപത്തിയൊൻപതാം" എന്ന വാക്കിനു പകരം " എഴുപതാം" എന്ന വാക്ക് ചേർക്കുക.

## ഖണ്ഡം 1

4. (1)-ാം ഉപഖണ്ഡത്തിൽ " 2018 "എന്ന അക്കങ്ങൾക്ക് പകരം " 2019 " എന്ന അക്കങ്ങൾ ചേർക്കുക.

## ഖണ്ഡം 2

5. ഖണ്ഡം 2 (എ)-ൽ "മത്സ്യം," എന്ന വാക്കിനു ശേഷം "അലങ്കാരമത്സ്യം," എന്ന വാക്കും ചിഹ്നവും ചേർക്കുക.

6. ഖണ്ഡം 2 (എ)-ൽ "താറാവ്, " എന്ന വാക്കിനു ശേഷം "കാട, ആട്, മുയൽ," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

7. ഖണ്ഡം 2 (ബി)-ൽ "10-ാം " എന്നതിന് പകരം "11-ാം " എന്ന് ചേർക്കുക.

8. ഖണ്ഡം 2 (സി)-ൽ "14-ാം " എന്നതിനു പകരം "15-ാം " എന്ന് ചേർക്കുക.

9. ഖണ്ഡം 2 (ഇ) (i)-ൽ "പെൺമക്കൾ" എന്ന വാക്കിനു ശേഷം ",കർഷകന്റെ മരണപ്പെട്ട മക്കളുടെ വിധവയും പ്രായപൂർത്തിയാകാത്ത മക്കളും" എന്ന ചിഹ്നവും വാക്കുകളും ചേർക്കുക.

10. ഖണ്ഡം 2 (എഫ്)-ൽ "പത്ത് സെന്റിൽ " എന്നീ വാക്കുകൾക്ക് പകരം "അഞ്ച് സെന്റിൽ " എന്നീ വാക്കുകളും "രണ്ട് ഹെക്ടറിൽ" എന്നീ വാക്കുകൾക്ക് പകരം "പതിനഞ്ച് ഏക്കറിൽ" എന്നീ വാക്കുകളും "ഒന്നരലക്ഷം " എന്ന വാക്കിന് പകരം "അഞ്ച് ലക്ഷം "എന്നീ വാക്കുകളും "അഞ്ച് വർഷത്തിൽ "എന്നീ വാക്കുകൾക്ക് പകരം "മൂന്ന് വർഷത്തിൽ " എന്നീ വാക്കുകളും ചേർക്കുക.

11. ഖണ്ഡം 2 (എഫ്)-ന്റെ ക്ലിപ്തനിബന്ധനക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നുമാത്രമല്ല, റബ്ബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ സംഗതിയിൽ ഏഴര ഏക്കറിൽ കൂടുതൽ ഭൂമി ഏതെങ്കിലും വിധത്തിൽ കൈവശം വയ്ക്കുന്നവർ ഈ വകുപ്പിന്റെ ആവശ്യത്തിനായി കർഷകൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതല്ല".

26. ഉപഖണ്ഡം (3) ഒഴിവാക്കുകയും നിലവിലെ ഉപഖണ്ഡം (4), (5), (6), (7) എന്നിവ യഥാക്രമം (3), (4), (5), (6) എന്ന് പുനരക്കം ചെയ്യുകയും അപ്രകാരം പുനരക്കം ചെയ്ത ഉപഖണ്ഡം (3)-ൽ "(3)-ാം" എന്നതിനു പകരം "(2)-ാം" എന്നും പുനരക്കം ചെയ്ത ഉപഖണ്ഡം (4)-ൽ "(4)-ാം" എന്നതിനു പകരം "(3)-ാം" എന്നും ചേർക്കുകയും ചെയ്യുക.

ഖണ്ഡം 5

27. ഉപഖണ്ഡം (1)-ന്റെ 2-ാം ക്ലിപ്ത നിബന്ധനയായി താഴെപ്പറയും പ്രകാരം ചേർക്കുക.

"എന്നുമാത്രമല്ല, അംഗത്വം റദ്ദാക്കപ്പെടുന്നതിലൂടെ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ സർക്കാരിന് അപ്പീൽ നൽകാവുന്നതാണ്."

ഖണ്ഡം 6

28. ഖണ്ഡം 6-ൽ "ഒരു "എന്ന വാക്കിനു പകരം "മൂന്ന് " എന്ന വാക്കും "പന്ത്രണ്ട് ശതമാനം " എന്നീ വാക്കുകൾക്ക് പകരം " നിർണ്ണയിക്കപ്പെടാവുന്ന നിരക്കിലുള്ള " എന്നീ വാക്കുകളും ചേർക്കുക.

29. ഖണ്ഡം 6-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയും പ്രകാരം ചേർക്കുക.

"എന്നാൽ, അംശദായം അടയ്ക്കാതിരുന്നതിന് മതിയായ കാരണമുണ്ടെന്ന് ബോർഡിന് ബോധ്യമാകുന്ന പക്ഷം പലിശ ഒഴിവാക്കാവുന്നതാണ്. "

ഖണ്ഡം 7

30. ഖണ്ഡം 7 താഴെപ്പറയും പ്രകാരം മാറ്റുക.

"7.വിവരങ്ങൾ സൂക്ഷിച്ചുപോരേണ്ടതാണെന്ന്.—പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ വിവരങ്ങൾ എല്ലാ കൃഷിഭവനുകളിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ സൂക്ഷിച്ചു പോരേണ്ടതാണ്. കേന്ദ്രീകൃത വിവരസാങ്കേതിക വിദ്യയിലൂന്നിയ സംവിധാനത്തിലൂടെ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ വിവരങ്ങൾ ബോർഡ് കാലാനുസൃതമായി പുതുക്കേണ്ടതുമാണ്.".

ഖണ്ഡം 8

31. ഉപഖണ്ഡം (1)-ൽ " അൻപത് രൂപ നിരക്കിൽ "എന്നീ വാക്കുകൾക്ക് പകരം "കുറഞ്ഞത് നൂറ് രൂപ വീതം " എന്നീ വാക്കുകൾ ചേർക്കുക.

32. ഉപഖണ്ഡം (1)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയും പ്രകാരം ചേർക്കുക.

ഖണ്ഡം 12 (പുനരക്കം ചെയ്ത ഖണ്ഡം 13)

44. ഉപഖണ്ഡം (1)-ൽ "10-ാം" എന്നതിന പകരം "11-ാം" എന്നും " ഡയറക്ടർ" എന്ന വാക്കിന ശേഷം "അദ്ദേഹം" എന്ന വാക്കും "മൂന്ന് "എന്ന വാക്കിന പകരം "അഞ്ച് " എന്ന വാക്കും ചേർക്കുക.

45. ഉപഖണ്ഡം (2)-ൽ "13-ാം" എന്നതിന പകരം" 14-ാം" എന്ന ചേർക്കുക.

46. ഉപഖണ്ഡം (3)-ൽ "നോട്ടീസ്" എന്ന വാക്കിന പകരം "കത്ത്" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 13 (പുനരക്കം ചെയ്ത ഖണ്ഡം 14)

47. ഉപഖണ്ഡം(1) (സി)-ൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

48. ഉപഖണ്ഡം (1)-ൽ "അയോഗ്യനായിരിക്കുന്നതും" എന്ന വാക്കിന പകരം "അയോഗ്യനാണെന്ന് കണ്ട് " എന്ന വാക്കുകളും "ചെയ്യപ്പെടേണ്ടതുമാണ് "എന്ന വാക്കിന പകരം " ചെയ്യാവുന്നതാണ്" എന്ന വാക്കും ചേർക്കുക.

49. ഉപഖണ്ഡം (2)-ൽ "നിയമിക്കപ്പെടുന്നതിന്" എന്നതിന് പകരം "നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന്"എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 14 (പുനരക്കം ചെയ്ത ഖണ്ഡം 15)

50. ഉപഖണ്ഡം(1)-ൽ "10-ാം" എന്നതിന പകരം "11-ാം" എന്ന് ചേർക്കുക.

51. ഉപഖണ്ഡം (3)-ൽ "ആവശ്യമായ "എന്ന വാക്കിന പകരം "അനുയോജ്യമായ "എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 15 (പുനരക്കം ചെയ്ത ഖണ്ഡം 16)

52. ഖണ്ഡം 15-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്കിന പകരം "പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 16 (പുനരക്കം ചെയ്ത ഖണ്ഡം 17)

53. ഖണ്ഡം 17-ന്റെ മാർജിനൽ ശീർഷകത്തിൽ "പിരിച്ചെടുക്കൽ "എന്ന വാക്കിന പകരം "ഒടുക്കൽ "എന്ന വാക്ക് ചേർക്കുക.

54. ഉപഖണ്ഡം (2)-ൽ "അതത് കൃഷിഭവനിൽ നൽകേണ്ടതും" എന്നീ വാക്കുകൾക്ക് പകരം "ഓൺലൈനായോ പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന മറ്റു രീതിയിലോ ഒടുക്കേണ്ടതും" എന്നീ വാക്കുകളും "നൽകിയ" എന്ന വാക്കിന പകരം "ഒടുക്കിയ" എന്ന വാക്കും "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്കിന പകരം "പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന" എന്നീ വാക്കുകളും ചേർക്കുക.

55. ഉപഖണ്ഡം (3) ഒഴിവാക്കുക.

ഖണ്ഡം 20 (പുനരക്കം ചെയ്ത ഖണ്ഡം 21)

56. ഖണ്ഡം 21-ൽ "ജീവനക്കാരും "എന്ന വാക്കിന ശേഷം" 1860-ലെ "എന്നീ അക്കങ്ങളും അക്ഷരങ്ങളും ചേർക്കുക.

ഖണ്ഡം 21 (പുനരക്കം ചെയ്ത ഖണ്ഡം 22)

57. ഖണ്ഡം 22-ൽ "ചെയ്യതോ" എന്ന വാക്കിന ശേഷം "അല്ലെങ്കിൽ" എന്ന വാക്കും "ആൾക്കോ" എന്ന വാക്കിന പകരം "ഉദ്യോഗസ്ഥനോ " എന്ന വാക്കും ചേർക്കുക.

ഖണ്ഡം 26 (പുനരക്കം ചെയ്ത ഖണ്ഡം 27)

58. ഉപഖണ്ഡം (1)-ൽ "ഓരോ " എന്ന വാക്കിന് ശേഷം "സാമ്പത്തിക" എന്ന വാക്ക് ചേർക്കുക.

59. ഉപഖണ്ഡം (2)-ൽ "അതായ്യ "എന്ന വാക്കിന പകരം " ആയത് "എന്ന വാക്ക് ചേർക്കുക.

പട്ടിക

60. ഇനം 11-ൽ "ഏതെങ്കിലും" എന്ന വാക്ക് ഒഴിവാക്കുക.

5. സമിതി നിർദ്ദേശിച്ച പ്രകാരമുള്ള ബില്ലിൽ വന്നിട്ടുള്ള മറ്റു മാറ്റങ്ങൾ മുകളിൽ പ്രസ്താവിച്ച മാറ്റങ്ങളോട് ബന്ധപ്പെട്ട് വന്നിട്ടുള്ളവയോ പദപ്രയോഗം സംബന്ധിച്ചിട്ടുള്ളതോ ആനുഷംഗികമായതോ ആണ്.

6. വിയോജനക്കുറിപ്പുകൾ അനുബന്ധമായി ചേർക്കുന്നു.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*സെലക്ട് കമ്മിറ്റി.*

